# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2119 | 05.12.2018-ൽ മറുപടിക്ക് |
|---|---|

**സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന മരണ ഗ്രൂപ്പുകൾ**

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന മരണ ഗ്രൂപ്പുകൾക്കടിമകളായി യുവാക്കൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യത്തിൽ ഇത് ഇല്ലായ്മ ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) യും (ബി) യും | സമൂഹ മാധ്യമങ്ങളിലൂടെ ഡെത്ത് ഗ്രൂപ്പ് എന്ന പേരിലുള്ള ഒരു ആത്മഹത്യ ഗ്രൂപ്പ് പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അതിന്റെ പ്രവർത്തനം തടയുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈംബ്രാഞ്ച്) ന്റെ നേതൃത്വത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഡി.വൈ.എസ്.പി, പോലീസ് ട്രെയിനിംഗ് കോളേജ് വൈസ് പ്രിൻസിപ്പാൾ, കോഴിക്കോട് ഐ.എസ്, എസ്.ബി.സി.ഐ.ഡി ഡി.വൈ.എസ്.പി എന്നിവരടങ്ങുന്ന ഒരു ടീം രൂപീകരിച്ചിട്ടുള്ളതും ഈ ടീമിനെ സഹായിക്കുന്നതിനായി പോലീസിലെ ഐ.ടി ചീഫ് ടെക്നിക്കൽ ഓഫീസർ ശ്രീ. ഭട്ടതിരിപ്പാടിന്റെയും സീ-ഡാക്ക് (സൈബർ ഫോറൻസിക് ഡിവിഷൻ + സെക്യൂരിറ്റി ഡിവിഷൻ) എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള സംഭവങ്ങൾ ഏതെല്ലാം ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | | |
| (സി) | സമൂഹമാധ്യമങ്ങളിൽ ഇത്തരം ഗ്രൂപ്പുകൾ പ്രചരിക്കുന്നതും പ്രവർത്തിക്കുന്നതും നിരോധിക്കുന്നതിനായി നടപടികൾ | | സൈബർ പോലീസ് സ്റ്റേഷനിലെ സൈബർ പട്രോളിംങ്ങിലൂടെ ഇത്തരത്തിലുള്ള ഗ്രൂപ്പുകളുടെ പ്രവർത്തനം സസൂക്ഷമം നിരീക്ഷിച്ചുവരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നുണ്ടോയെന്നറിയിക്കുമോ? | | ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലേക്കായി പത്ര ദൃശ്യ മാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ് സംഘടനകൾ തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ